**പതിനഞ്ചാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം-2**

**2022 സെപ്റ്റംബർ 5**

**നമ്പർ:297**

**<u>ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. ശ്രീ. സാബു എം. ജേക്കബിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.</u>**

2021 ഡിസംബർ 26-ന് റിപ്പോർട്ടർ ചാനലിൽ തന്റെ മണ്ഡലത്തിലെ ഒരു വിഷയവുമായി ബന്ധപ്പെട്ട ഒരു പാനൽ ചർച്ചയിൽ പങ്കെടുക്കവെ ചർച്ചാ പാനലിൽ ഉണ്ടായിരുന്ന ശ്രീ . സാബു എം. ജേക്കബ് നിയമസഭാംഗമെന്ന നിലയിൽ തന്നെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ സംസാരിക്കുകയുണ്ടായെന്നും, ഇങ്ങനെ ചെയ്യുക വഴി തന്നെയും സഭയെയും അവഹേളിക്കുകയും, സഭാംഗമെന്ന നിലയിൽ തന്റെ മണ്ഡലത്തിലെ പൊതുകാര്യങ്ങളിൽ ഇടപെടുന്നതിൽ നിന്നു തന്നെ അവഹേളിച്ച് പിന്തിരിപ്പിക്കാനാണ് ടിയാന്റെ ശ്രമമെന്നും , ആയതിനാൽ ശ്രീ. സാബു എം . ജേക്കബിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 03.09.2022-ന് റഫർ ചെയ്തിരിക്കുന്നു.

എ. എം. ബഷീർ,

സെക്രട്ടറി.